# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.3230 11-05-2017-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ.വി.ഡി. സതീശൻ
ശ്രീ.വി.പി. സജീന്ദ്രൻ
ശ്രീ.കെ. മുരളീധരൻ
ശ്രീ.പി.ടി. തോമസ്

ഡോ.ടി.എം. തോമസ് ഐസക്
ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

**<u>സമ്പദ്ഘടനയിലെ മുരടിപ്പ് മാറ്റുന്നതിനായി നടപടി</u>**

| | | |
|---|---|---|
| (എ) | സമ്പദ്ഘടനയിലെ മുരടിപ്പ് മാറ്റുന്നതിനായി ഈ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ് ; | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ നിശ്ചലാവസ്ഥയിലായിരുന്ന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കാൻ കൈക്കൊണ്ട നടപടികളിൽ പ്രധാനപ്പെട്ടവ ഇവയാണ്:<br>(i) മൂലധന ചെലവിനായി വിപണിയിൽ നിന്നും ഫണ്ട് സ്വരൂപിക്കുന്നതിനും നിലവിലെ സാമ്പത്തിക മാന്ദ്യം അതിജീവിക്കുന്നതിനായി 12,000/- കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പിലാക്കുവാനും 2016-17 ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്ത് തുടർനടപടി സ്വീകരിച്ചുവരുന്നു.<br>(ii) 1999 ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചു കൊണ്ട് സെബിയും ആർ.ബി.ഐയും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരളാ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കുകയും ട്രഷറി ശൃംഖലയ്ക്ക് കോർ ബാങ്കിംഗ് സിസ്റ്റം നടപ്പിലാക്കുകയും ചെയ്തു.<br>(iii) വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബജറ്റിനു പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ അന്തിമഘട്ടത്തിലാണ്.<br>(iv) ഗുണഭോക്താക്കളെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമായ വിവിധ |

| | | |
|---|---|---|
| | | സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യുന്നതിനും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കുടിശ്ശിക തീർത്ത് വീട്ടിലെത്തിക്കുക എന്ന വാഗ്ദാനം പാലിക്കുവാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.<br>(v) 14 ജില്ല സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ച് കൊണ്ട് സഹകരണ മേഖലയിൽ കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>(vi) വൈദ്യുതി പ്രസരണ നഷ്ടം ഗണ്യമായി കുറയ്ക്കുന്നതിനും ഊർജ്ജ ഇവാക്വേഷൻ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതിനും വിതരണ-പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു.<br>(vii) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സംസ്ഥാന സർക്കാർ വിഹിതം വർദ്ധിപ്പിച്ചു.<br>(viii) 10-ാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ പൂർണതോതിൽ അനുവദിച്ചു |
| (ബി) | പ്രസ്തുത പ്രവർത്തനങ്ങൾ മൂലം ദേശീയ ശരാശരിയേക്കാളും പിന്നിലായിരുന്ന നമ്മുടെ സാമ്പത്തിക വളർച്ചയിൽ എന്തുമാറ്റം ഉണ്ടാക്കുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ; | ഈ സർക്കാർ അധികാരത്തിൽ വന്നത് 2016 മെയ് മാസത്തിലാണ്. അതിനുശേഷം കൈക്കൊണ്ട മേൽപ്രതിപാദിച്ച നടപടികളുടെ ഫലങ്ങൾ സമ്പദ്ഘടനയിൽ ദൃശ്യമായി തുടങ്ങുമെന്ന് പ്രതീക്ഷിക്കുന്നത് 2016-17 മുതലാണ്. എന്നാൽ പ്രസ്തുത കാലയളവിലെ ഇത് സംബന്ധിച്ച കണക്കുകൾ ഇനിയും അന്തിമമാകാത്ത പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച സംബന്ധിച്ച ആധികാരിക വിവരങ്ങൾ ലഭ്യമല്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്തെ സാമ്പത്തിക വളർച്ചാനിരക്ക് 2012-13 ൽ 6.50 ശതമാനവും 2013-14 ൽ 3.89 ശതമാനവും 2014-15 ൽ 7.31 ശതമാനവും ( താത്കാലിക കണക്കുകൾ പ്രകാരം ) 2015-16 ൽ ( ത്വരിത കണക്കുകൾ പ്രകാരം ) 8.10 ശതമാനവുമാണ് |
| (സി) | കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ സാമ്പത്തിക വളർച്ചാനിരക്ക് എത്രയായിരുന്നു ; ഇപ്പോഴത്തെ വളർച്ചാനിരക്ക് എത്രയായിരിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ? | |

സെക്ഷൻ ഓഫീസർ